സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

18 (*168) ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിവിധതരം ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മാനദണ്ഡങ്ങളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട് ആശുപത്രി ഉപകരണങ്ങൾ വാങ്ങിയതിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപ കമ്പനികൾക്ക് നൽകാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നെബുലൈസർ, ഇൻസിനറേറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങിച്ച ഇനത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര തുക വീതം കമ്പനികൾക്ക് നൽകുവാനുണ്ടെന്ന് പറയാമോ ;

(ഡി) മാലിന്യങ്ങൾ കത്തിച്ചുകളയുന്നതിനായി വാങ്ങിയ ഇൻസിനറേറ്റർ ഏതെല്ലാം ആശുപത്രികളിലാണ് സ്ഥാപിച്ചിട്ടുള്ളത്, മൊത്തം എത്രയെണ്ണംവാങ്ങി, എന്നാണ് അവ വാങ്ങിയത്. ഓരോന്നിനും ഇതിനായി ചെലവാക്കിയ തുക എത്ര ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആവശ്യകതയുടെയും ഫണ്ടിന്റെയും പരിഗണനയിൽ ഭരണാനുമതി ലഭിച്ചു കഴിഞ്ഞാൽ വിപുലമായ പരസ്യം നൽകി സാധനങ്ങൾ നേരിൽ കണ്ട് പരിശോധിച്ച് ഗുണനിലവാരമുള്ളതാണെന്ന് ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയ സാധനം ഏറ്റവും കുറഞ്ഞ വിലയ്ക്കുള്ളത് വാങ്ങുകയാണ് ചെയ്യുന്നത്. കേരള സ്റ്റോർ പർച്ചേസ് നിയമം അനുസരിച്ച് മാത്രമാണ് ഈ നടപടിക്രമങ്ങൾ.

(ബി) ഇല്ല.

(സി) വിവരം ചുവടെ ചേർക്കുന്നു.

വർഷം	ഇനം	കമ്പനിയുടെ പേര്	തുക	അഭിപ്രായം
1. 2002-03	നെബുലൈസർ	നിദേക് മെഡിക്കൽ ഇന്ത്യാ ലിമിറ്റഡ്, കൽക്കത്ത.	5,85,000	സപ്ലൈ ചെയ്തിട്ടില്ല വിതരണകാലാവധി തുടരുന്നു.
2. 2002-03	ഇൻസിനറേറ്റർ	എസ്കോ ഫർണസസ് കോയമ്പത്തൂർ	8,68,992	സ്ഥാപിച്ചിട്ടില്ല വിതരണ കാലാവധി തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർ വാങ്ങിയത്

വർഷം	എണ്ണം	സ്ഥാപിച്ച/അനുവദിച്ച സ്ഥലം	ചെലവാക്കിയ തുക-രൂപ	അഭിപ്രായം
1998-99	1	ജനറൽ ആശുപത്രി തിരുവനന്തപുരം	6 ലക്ഷം	5 എണ്ണം അനുവദിച്ചതിലും അടിസ്ഥാന സൗകര്യ മില്ലാത്തതിനാൽ 4 എണ്ണം കൃാൻസൽ ചെയ്തു.
1999-2000	3	ജില്ലാ ആശുപത്രി, പാലക്കാട്. ജില്ലാ ആശുപത്രി, തൃശൂർ. ജില്ലാ ആശുപത്രി, കൊല്ലം.	25,50,000	
2002-03	1	ജില്ലാ ആശുപത്രി, മഞ്ചേരി.	8,68,992	സ്ഥാപിച്ചിട്ടില്ല സ്ഥാപിതകാലാവധി തുടരുന്നു. ഈ തുക നൽകിയിട്ടില്ല

മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് വാങ്ങിയത്

1997-98	1	ആലപ്പുഴ മെഡിക്കൽകോളേജ്, ആശുപത്രി.	2,95,400	
1998	1	കോഴിക്കോട് മെഡിക്കൽ കോളേജ്	5,90,000	
9-2-2000	1	തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി.	5,35,800	

തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ 2 ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട് അതിൽ ഒന്ന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഉം ഒന്ന് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമാണ് വാങ്ങിയത്. അതിനാൽ ഇതിന്റെ വില വിവരവും വാങ്ങിയ തീയതിയും അറിയില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി സഹായം

19 (*169) ശ്രീ. ടി. കെ. ബാഹുലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി സഹായം നൽകുന്നതിൽ പാലിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) സർക്കാർ നവീകരണ പരിപാടിയിൽ (എം.ജി.പി.) എത്ര തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly